# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2729** **09.05.2017 ൽ മറുപടിയ്ക്ക്**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുൽ ഹമീദ്. പി | | ഡോ.കെ.ടി ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അഴിമതിയിൽ മുന്നിൽ നിൽക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അഴിമതിമുക്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | പൊതുജനങ്ങൾക്ക് ഓൺലൈനായി / മൊബൈൽ ആപ്ലിക്കേഷൻ വഴി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഏതെങ്കിലും വിധത്തിലുള്ള അഴിമതിയെക്കുറിച്ചുള്ളതും മറ്റു പരാതികളും സമർപ്പിക്കുവാൻ 'ഫോർ ദി പീപ്പിൾ' എന്ന പേരിൽ ഒരു വെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെതിരായ പരാതി ഒരു പരിധിവരെ ഇല്ലാതാക്കുന്നതിനും കാര്യക്ഷമത ഉയർത്തുന്നതിനും, സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിയും.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി സേവനാവകാശ നിയമം നഗരസഭകളിൽ നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് ഓൺലൈൻ സംവിധാനങ്ങളും ഇ-ടെണ്ടർ, ഇ-ഫയലിംഗ് തുടങ്ങിയ കമ്പ്യൂട്ടർ അധിഷ്ഠിതമായ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പദ്ധതി പ്രവർത്തനങ്ങൾ അഴിമതിരഹിതമാക്കുന്നതിന് ശക്തമായ ഓഡിറ്റിംഗ് സംവിധാനവും നിലവിലുണ്ട്. |
| സി) | സേവനം സംബന്ധിച്ച നടപടികളുടെ ചട്ടങ്ങൾ ലഘൂകരിച്ച് അഴിമതിക്ക് വളം വെക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | സേവനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും ഓൺലൈൻ സംവിധാനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ